# മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

## സോഷ്യൽ ഓഡിററ് സൊസൈററി, കേരള.

ആലപ്പുഴ ജില്ല

സോഷ്യൽ ഓഡിററ് റിപ്പോർട്ട്

1/10/2018 - 31/03/2019

| | |
|---|---|
| ബ്ലോക്ക് | കഞ്ഞിക്കുഴി |
| ഗ്രാമ പഞ്ചായത്ത് | തണ്ണീർമുക്കം |
| വാർഡ് | 9 ഇലഞ്ഞാംകുളങ്ങര |

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 3 |
| സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ | 4 |
| 7 രജിസ്റ്ററുകൾ | 7 |
| ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ | 9 |
| ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ | 15 |
| അവകാശനിഷേധങ്ങൾ | 21 |
| നിരീക്ഷണങ്ങളും കണ്ടെത്തലുകളും | 22 |
| ഗ്രാമസഭ മിനുട്ട്സ് | 23 |

## സോഷ്യൽ ഓഡിറ്റ്

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ അവയുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും അതിലൂടെ ഉണ്ടായ സാമൂഹ്യനേട്ടവും, പ്രശസ്തിയും എത്രമാത്രമാണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും, കണക്കെടുപ്പും,പരിശോധനയും,വിലയിരുത്തലുമാണ് സോഷ്യൽ ഓഡിറ്റ്. പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതുപദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതു ഭരണം ജനസൌഹാർദ്ദപരമാക്കുന്നതിനും വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ്.

മറ്റ് പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.

സോഷ്യൽ ഓഡിറ്റിനുവേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിൻറെ ചുമതലകളാണ്.

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്(as per G.O (Rt) No.3906/2015/LSGD,Dated 30.12.2015) 31.01.2017 ൽ നിലവിൽ വന്നു. യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

തണ്ണീർമുക്കം പഞ്ചായത്ത് വാർഡ് 9-ൽ 1/10/2018 മുതൽ 31/03/2019 വരെ പൂർത്തീകരിച്ച 22 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

| സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് & കോഡ് | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്ററിമേററ് തുക | ചെലവായ തുക |
| 1 | ശ്രേയസ്സ് ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് IF/348217 | 26/07/2018 | 05/03/2019 | 369511 | 346584 |
| 2 | ശ്രേയസ് ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 2 IF /348216 | 26/07/2018 | 15/03/2019 | 369147 | 349294 |
| 3 | ശ്രേയസ് ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 3 IF/348215 | 26/07/2018 | 16/04/2019 | 398704 | 372871 |
| 4 | ഹരിതശ്രീ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 IF/347516 | 26/07/2018 | 19/03/2019 | 460548 | 418128 |
| 5 | നിത്യഹരിത ഗ്രൂപ്പിനു ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 IF /347517 | 26/07/2018 | 22/03/2019 | 459640 | 426529 |
| 6 | നിത്യഹരിത ഗ്രൂപ്പിനു ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 2 IF /348324 | 26/07/2018 | 19/03/2019 | 400524 | 313793 |
| 7 | സമന്വയ ഗ്രൂപ്പിനു ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട്-1 IF/348854 | 26/07/2018 | 16/03/2019 | 490835 | 431678 |
| 8 | സമന്വയ ഗ്രൂപ്പിനു ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട് 2 IF/348856 | 26/07/2018 | 14/03/2019 | 491563 | 463656 |

| | | | | | |
|---|---|---|---|---|---|
| 9 | സംഗമം ഗ്രൂപ്പിന് ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട് 1 IF/348583 | 26/07/2018 | 14/03/2019 | 435907 | 412437 |
| 10 | സംഗമം ഗ്രൂപ്പിന്റെ ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട് 2 IF/348584 | 26/07/2018 | 15/03/2019 | 372607 | 341756 |
| 11 | പ്രതിഭ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 IF/348325 | 26/07/2018 | 05/03/2019 | 464916 | 375310 |
| 12 | പ്രതിഭാ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 2 IF/348320 | 26/07/2018 | 31/03/2019 | 464006 | 338996 |
| 13 | പ്രത്യാശ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ IF/348581 | 26/07/2018 | 24/03/2019 | 340138 | 253902 |
| 14 | പുനർജ്ജനി പദ്ധതിയുമായി സംയോജിപ്പിച്ച് ഇലഞ്ഞംകുളങ്ങര പ്രദേശത്തെ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ IF/371575 | 12/11/2018 | 21/12/2018 | 335230 | 292138 |
| 15 | പുനർജനി പദ്ധതിയുമായി സംയോജച്ച് തോപ്പിൽ പ്രദേശത്തെ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ IF/371576 | 12/11/2018 | 20/12/2018 | 338230 | 291054 |
| 16 | താമരശ്ശേരി - തുകലൻചിറ റോഡ് മെറ്റലിംഗ് RC/275643 | 16/03/2019 | 28/03/2019 | 485892 | 477290 |
| 17 | SNDP മഠത്തിൽവെളി റോഡ് മെറ്റലിംഗ് RC/275592 | 26/03/2019 | 29/03/2019 | 229107 | 226494 |
| 18 | ടോയ്ലറ്റ് നിർമ്മാണം ഷീബമോൾ, നാരായണവെളി IF/335784 | 18/09/2018 | 01/10/2018 | 33781 | 12000 |

| | | | | | |
|---|---|---|---|---|---|
| 19 | ടോയ്ലറ്റ് നിർമ്മാണം - വിജയമ്മ നിമ്മി നിവാസ് RS/343778 | 13/02/2019 | 26/02/2019 | 33781 | 12000 |
| 20 | ടോയ്ലറ്റ് നിർമാണം, ദർശന പുത്തൻവീട്ടിൽ RS/335786 | 18/09/2018 | 01/10/2018 | 33781 | 12000 |
| 21 | ടോയ്ലറ്റ് നിർമാണം, കാഞ്ചന മണ്ണന്തറ വെളി. RS/335735 | 12/11/2018 | 25/11/2018 | 33781 | 12000 |
| 22 | ടോയ്ലറ്റ് നിർമ്മാണം: വാസന്തി, മാക്കിയിൽ RS/335740 | 01/02/2019 | 19/02/2019 | 12000 | 12000 |

# 7 രജിസ്റ്ററുകൾ

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ( 2005 ) പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സുക്ഷിക്കണ്ടതാതാണ്.

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ
2. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവിശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. മെറ്റീരിയൽ രജിസ്റ്റർ

**പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ:**

1. *തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ :*
   - സെക്രട്ടറി സെർട്ടിഫൈ ചെയ്ത കവർപേജ് ഉണ്ടായിരുന്നു.
   - പാർട്ട് എ, ബി, സി & ഡി എന്നീ ഫോർമാറ്റുകൾ എം.ഐ.എസിൽ നിന്നും പ്രിന്റെടുത്ത് സുക്ഷിച്ചിട്ടുണ്ട്

2. *സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - 2018 മേയ് 9ന് ഗ്രാമസഭ നടത്തിയതിന്റെ മിനിറ്റ്സ് രേഖപ്പെടുത്തിയിരുന്നു. മിനിറ്റ്സ്പ്രകാരം 156 പേർ പങ്കെടുത്ത ഗ്രാമസഭയിൽ 2018-2019 വർഷത്തിലെ പുനർജ്ജനി പ്രവർത്തികളുടെ പേരുവിവരങ്ങൾ രേഖപ്പെട്ടുത്തിയിട്ടുണ്ട്.

- 2018 ഡിസംബർ 4ന് ഗ്രാമസഭ നടത്തിയതിന്റെ മിനിറ്റ്സ്പ്രകാരം 172 പേർ പങ്കെടുത്തു. ഈ ഗ്രാമസഭയിൽ താമരശ്ശേരി തുകലൻചിറ റോഡ് മെറ്റലിംഗ് പ്രവർത്തി രേഖപ്പെട്ടുത്തിയിട്ടുണ്ട്.

3. *തൊഴിൽ ആവിശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - എം.ഐ.എസ് പകർപ്പ് സുക്ഷിച്ചിട്ടുണ്ട്.

4. *പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - എം.ഐ.എസ് പകർപ്പ് സുക്ഷിച്ചിട്ടുണ്ട്.

5. *സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - വാർഡുകളിലെ സൈറ്റുകളും ചെയ്തിരിക്കുന്ന വർക്കുകളും രേഖപെടുതിയിട്ടുണ്ട്

6. *പരാതി രജിസ്റ്റർ*
   - പരാതി *രജിസ്റ്റർ സുക്ഷിക്കുന്നില്ല.*
   - ഓൺലൈൻ ആയിട്ടാണ് പരാതികൾ അയക്കുന്നത്.

7. *മെറ്റീരിയൽ രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - എം.ഐ.എസിൽ നിന്നും വിവരങ്ങൾ പ്രിന്റെടുത്ത് സുക്ഷിച്ചിട്ടുണ്ട്.

## ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

**1. കവർപേജ്:**

AMC പ്രകാരമുള്ള കവർ പേജ് പരിശോധിച്ച 22 ഫയലുകളിലും ഉണ്ടായിരുന്നു. പ്രവർത്തിയുടെപേര്, പ്രവർത്തി അംഗീകരിച്ച വർഷം, പദ്ധതി നിർവ്വഹണ ഏജൻസി, കാറ്റഗറി,പഞ്ചായത്ത്, വില്ലേജ്, അസംബ്ലി നിയോജകമണ്ഡലം, സാങ്കേതിക വിദഗ്ദ്ധന്റെ പേര് എന്നീ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

ചില ഫയലുകളിൽ പ്രവൃത്തി ആരംഭിച്ച തിയതി, ലൊക്കേഷൻ, എസ്റ്റിമേറ്റ് തുക,ചിലവായ തുക ,മേറ്റിന്റെ പേര് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പ്രവൃത്തി അവസാനിച്ച തിയതി, ജിയോടാഗ്, മേറ്റിന്റെ പേര്, സോഷ്യൽ ഓഡിറ്റ് എന്നീ രേഖപ്പെടുത്തലുകൾ 22 ഫയലിലും ഉണ്ടായിരുന്നില്ല.

**2. ചെക്ക് ലിസ്റ്റ്:**

22 ഫയലിലും പേജ് നമ്പർ രേഖപ്പെടുത്തിയ ചെക്ക ലിസ്റ്റ് ഉണ്ടായിരുന്നില്ല.

**3. വാർഷിക കർമ്മ പദ്ധതി:**

ആക്ഷൻ പ്ലാനിൽ പദ്ധതിയുടെ പേര് ഉൾപ്പെടുന്ന പേജിന്റെ പകർപ്പ് എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**4. എസ്റ്റിമേറ്റ്*:***

കവർ പേജ്, വിശദമായ എസ്റ്റിമേറ്റിൽ അക്രഡിറ്റഡ് എൻജിനിയർ തിയതിയില്ലാതെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.
റേറ്റ് അനാലിസിസ്,എസ്ടിമേറ്റ് റിപ്പോർട്ട്,ഡ്രോയിംഗ് ആൻഡ് ഡിസയിൻ,സർവേ ഡാറ്റ എന്നിവ ഉണ്ടായിരുന്നില്ല. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ആയിരുന്നില്ല.

പ്രവർത്തി എവിടെയൊക്കെ നടക്കുന്നുവെന്നുള്ള സർവെ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നു.

**5. സാങ്കേതികാനുമതി:**

സാങ്കേതികാനുമതിയിൽ LSGD,AE എന്നിവർ തീയതിയില്ലാതെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.

**6. ഭരണാനുമതി:**

പഞ്ചായത്ത് കമ്മറ്റിയുടെ ഭരണാനുമതിയിൽ സെക്രട്ടറിയുടെ ഒപ്പ്, സീൽ, തീയതി എന്നിവ രേഖപ്പെടുത്തിയിരുന്നില്ല.

**7.സംയോജിത പദ്ധതിയുടെ വിവരങ്ങൾ**:

സംയോജിത പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും ഫയലിൽ ഉണ്ടായിരുന്നില്ല.

**8. ഡിമാന്റ് ഫോറം:**

അനുച്ഛേദം 3B പ്രകാരമുള്ള ഡിമാന്റ് ഫോറം ഒരു ഫയലിലും ഉണ്ടായിരുന്നില്ല. ഗ്രൂപ്പായി തൊഴിൽ ആവശ്യപ്പെടുന്ന ഫോമിൽ തീയതി രേഖപ്പെടുത്തുകയോ, കൈപ്പറ്റ് രസീത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

**9. വർക്ക് അലോക്കേഷൻ ഫോറം:**

അനുച്ഛേദം 4 പ്രകാരമുള്ള വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നില്ല. തിയതി രേഖപ്പെടുത്തിയിട്ടില്ലായിരുന്നു.

**10. E-മസ്റ്റർ റോൾ:**

BDO,പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ ഒപ്പും സീലും മിക്ക മസ്ട്രോളുകളിലും ഉണ്ടായിരുന്നു. തീയതി ഉണ്ടായിരുന്നില്ല. തൊഴിൽ ചെയ്ത തിയതി, ആകെ തൊഴിൽ ചെയ്ത ദിനങ്ങൾ, ആകെ വേതനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

തൊഴിലുപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നില്ല. ചില മസ്ട്രോളുകളിൽ തിരുത്തലുകൾ ഉണ്ടായിരുന്നു. അക്രെടിററ് എൻജിനീയറും ഓവർസിയറും തീയതിയില്ലാതെ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

**11. M- ബുക്ക് :**

പരിശോധിച്ച 22 ഫയലിലും M. Book ഉണ്ടായിരുന്നു. സെക്രട്ടറി സെർട്ടിഫയ് ചെയ്തിരുന്നില്ല. M.book നമ്പർ രേഖപ്പെടുത്തിയിരുന്നു. അക്രഡിറ്റഡ് എൻജിനീയർ, ഓവർസിയർ, എന്നിവർ ഒപ്പും സീലും രേഖപ്പെടുത്തുകയും അക്രഡിറ്റഡ് എൻജിനീയർ തുക പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

എസ്റ്റിമേറ്റ് തുകയും യഥാർത്ഥചിലവും തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തിയിട്ടില്ല.

**12. മെറ്റീരിയൽവാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ:**

മെറ്റീരിയൽ ഉൾപ്പെട്ട പ്രവർത്തി ഫയലുകളിൽ പ്രൊക്യൊയർ കമ്മറ്റി, ക്യട്ടേഷൻ കോപ്പി, പർച്ചേസ് ഓർഡർ തുടങ്ങിയവയുടെ എല്ലാ രേഖകളും ഉണ്ടയിരുന്നു.

**13. വേജ് ലിസ്റ്റ്:**

മസ്റ്ററോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല.

1. ശ്രേയസ് ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 2 IF/348216
   - 11 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.
   - മസ്റ്ററോൾ 42479 ൽ വെട്ടിത്തിരുത്തൽ ഉണ്ട്.
   - വേറൊരു ഫയലിലെ വെജ് ലിസ്റ്റ് ഈ ഫയലിൽ ഉണ്ടായിരുന്നു.

2. നിത്യഹരിത ഗ്രൂപ്പിനു ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 IF /347517
   - 11 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.
   - ഈ വർക്കിന്റേത് അല്ലാത്ത 4 മസ്റ്റ് റോളുകൾ ഫയലിൽ ഉണ്ടായിരുന്നു (11005, 11006, 11472, 11439).

3. SNDP മഠത്തിൽവെളി റോഡ് മെറ്റലിംഗ് RC/275592
   - സെമിസ്കിൽട് ലെബെഴ്സിന്റെ മസ്റ്റർ റോളിൽ (65890) തിരുത്തലുകൾ ഉണ്ട്.
   - വേറൊരു ഫയലിലെ വെജ് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നു

4. സംഗമം ഗ്രൂപ്പിന് ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട് 1 IF/348583
   - 9 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.

5. പ്രതിഭ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 IF/348325
   - 3 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.

*6.* ശ്രേയസ് ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 3 IF/348215
- 6 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.

*7.* പുനർജനി പദ്ധതിയുമായി സംയോജച്ച് തോപ്പിൽ പ്രദേശത്തെ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ IF/371576
- 3 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.

8. സമന്വയ ഗ്രൂപ്പിനു ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട് 2 IF/348856
- 7 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.

9. ഹരിതശ്രീ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 IF/347516
- 8 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല

10. സംഗമം ഗ്രൂപ്പിന്റെ ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട് 2 IF/348584
- 4 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.

*11.* നിത്യഹരിത ഗ്രൂപ്പിനു ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 2 IF /348324
- 11 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.
- ഈ വർക്കിന്റേത് അല്ലാത്ത 3 മസ്റ്റ് റോളുകൾ ഫയലിൽ ഉണ്ടായിരുന്നു (11041, 11042, 11427).

*12.* ശ്രേയസ്സ് ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 1 IF/348217
- 14 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.

*13.* പ്രതിഭാ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 2 IF/348320
- 6 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.

*14.* ടോയ്ലറ്റ് നിർമ്മാണം - വിജയമ്മ നിമ്മി നിവാസ് RS/343778
- 2 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.

**14. FTO:**

വേജ് ലിസ്റ്റ് പ്രകാരമുള്ള FTO എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല.

**15 . മെറ്റീരിയൽ വൗച്ചർ & ബിൽ:**

മെറ്റീരിയൽ ഇനത്തിൽ ഡിസ്പ്ളേ ബോർഡ്, വളം എന്നിവ ഉൾപ്പെടുത്തിയതിന്റെ ബിൽ ഉണ്ടായിരുന്നു. സപ്പ്ളയേഴ്സിനു തുക നൽകിയതിന്റെ ബില്ലുകൾ ഉൾപ്പെടുത്തിയിരുന്നു.

**16. റോയൽറ്റി:**

റോയൽറ്റി നൽകേണ്ട പ്രവർത്തി ഫയലുകൾ പരിശോധിച്ചിട്ടില്ല.

**17.പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ:**

പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ 6 ഫയലുകളിൽ മാത്രം ഉണ്ടായിരുന്നു.

1. പ്രതിഭ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 IF/348325
2. താമരശ്ശേരി - തുകലൻചിറ റോഡ് മെറ്റലിംഗ് RC/275643
3. നിത്യഹരിത ഗ്രൂപ്പിനു ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 IF/347517
4. നിത്യഹരിത ഗ്രൂപ്പിനു ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 2 IF/348324
5. ടോയ്ലറ്റ് നിർമ്മാണം - വിജയമ്മ നിമ്മി നിവാസ് RS/343778
6. ടോയ്ലറ്റ് നിർമ്മാണം, വാസന്തി മാക്കിയിൽ RS/335740

**18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം:**

പരിശോധിച്ച എല്ലാ ഫയലുകളിലും ഒന്നും രേഖപെടുത്താത്ത പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രമാണ് ഉണ്ടായിരുന്നത്.

**19. മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്:**

മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പിൽ എല്ലാ മസ്ട്രോളുകളും രേഖപ്പെടുത്തിയിരുന്നില്ല.

**20. ജിയോടാഗ് ഫോട്ടോഗ്രാഫ്:**

പരിശോധിച്ച 2 ഫയൽ ഒഴികെ ബാക്കി എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.

1. ടോയ്ലറ്റ് നിർമ്മാണം ഷീബമോൾ, നാരായണവെളി IF/335784 - ഇല്ല
2. സമന്വയ ഗ്രൂപ്പിനു ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട്-1 IF/348854 - ഇല്ല

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്:**

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**22. സൈറ്റ് ഡയറി:**

10 ഫയലുകളിൽ സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

1. പുനർജ്ജനി പദ്ധതിയുമായി സംയോജിപ്പിച്ച് ഇലഞ്ഞംകുളങ്ങര പ്രദേശത്തെ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ IF/371575
2. പുനർജനി പദ്ധതിയുമായി സംയോജച്ച് തോപ്പിൽ പ്രദേശത്തെ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ IF/371576
3. സംഗമം ഗ്രൂപ്പിന് ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട് 1 IF/348583
4. താമരശ്ശേരി - തുകലൻചിറ റോഡ് മെറ്റലിംഗ് RC/275643
5. SNDP മഠത്തിൽവെളി റോഡ് മെറ്റലിംഗ് RC/275592
6. നിത്യഹരിത ഗ്രൂപ്പിനു ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 2 IF /348324
7. ടോയ്ലറ്റ് നിർമാണം, ദർശന പുത്തൻവീട്ടിൽ RS/335786
8. ടോയ്ലറ്റ് നിർമ്മാണം: വാസന്തി, മാക്കിയിൽ RS/335740
9. ടോയ്ലറ്റ് നിർമ്മാണം - വിജയമ്മ നിമ്മി നിവാസ് RS/343778
10. ടോയ്ലറ്റ് നിർമാണം, കാഞ്ചന മണ്ണന്തറ വെളി. RS/335735

സൈറ്റ് ഡയറി ഉണ്ടായിരുന്ന ഫയലുകളിൽ പ്രവർത്തിയുടെ പേര്,കോഡ്,അരഭിച്ച തിയതി,അവസാനിച്ച തിയതി,എസ്ടിമേറ്റ് തുക, ആകെ തൊഴിൽദിനങ്ങൾ, ഇനിഷ്യേറ്റീവ് വിശദാംശങ്ങൾ, VMC അംഗങ്ങളുടെ ഒപ്പ് എന്നീ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

സന്ദർശക കുറിപ്പ്, ചികിത്സാ ചിലവ് സംബന്ധിച്ച വിവരങ്ങൾ, വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ രേഖപ്പെടുത്തിയിരുന്നില്ല. VMC അംഗങ്ങൾ ബന്ധപ്പെട്ട മറ്റു ഉദ്യോഗസ്തർ പ്രവർത്തി സ്ഥലം സന്ദർശിച്ചതിന്റെ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

## ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

1. ശ്രേയസ്സ് ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 1 ( IF/348217 )

എസ്റ്റിമേറ്റ് പ്രകാരം 2040 തൈകൾ രേഖപ്പെടുത്തിയിരുന്നു. 1955 തൈകൾ ആണ് ആരംഭത്തിൽ ഉണ്ടായിരുന്നത്. വെള്ളപ്പൊക്കത്തെ തുടർന്ന് കുറെ തൈകൾ നശിച്ചു. നിലവിൽ 1925 തൈകൾ പരിപാലിക്കുന്നു.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

2. ശ്രേയസ് ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 2 ( IF /348216 )

മാസ്റ്റർ റോൾ പ്രകാരം മൊത്തം 12 തൊഴിലാളികളാണ് വർക്കിൽ ഉൾപ്പെട്ടിരുന്നത്. 5 പുരയിടങ്ങളിലായി വേപ്പ്, മാതളം, പേര ഇവയാണ് നട്ടിരുന്നത്. മസ്റ്ററോൾ അനുസരിച്ചു ഒരാൾ170 എന്ന കണക്കിൽ 12പേര് മൊത്തം 2040തൈകൾ ആണ് വച്ചുപിടിപ്പിച്ചത്. എന്നാൽ കുറെയധികം തൈകൾ പ്രളയത്തിൽ നശിച്ചുപോയതായാണ് മനസിലാക്കുവാൻ സാധിച്ചത്. അതിനാൽ നഷ്ടപെട്ടവയ്ക് പകരമായി ഇപ്പോൾ വേപ്പിൻ തൈകൾ ആണ് കൂടുതലായി വച്ചിരിക്കുന്നത്. നിലവിൽ വേപ് 1750, മാതളം 142, പേര 100 എന്നിങ്ങനെ ആകെ മൊത്തം 1992 ചെടികളാണ് ഉള്ളത്.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

3. ശ്രേയസ് ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 3 ( IF/348215 )

എസ്റ്റിമേറ്റ് പ്രകാരം 2210 വൃക്ഷതൈ നട്ടുപിടിപ്പിക്കുന്നതിനും M ബുക്ക് പ്രകാരം ഫീൽഡ്തല പരിശോധനയിൽ 13 വീടുകളിലായി 170 തൈകൾ നട്ടുപിടിപ്പിച്ചു. മാതളം 255, ആത്ത 170, വേപ്പ് 1697 എന്നിങ്ങനെ ആകെ 2122 തൈകൾ കാണാൻ കഴിഞ്ഞു. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

4. ഹരിതശ്രീ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 ( IF/347516 )

എസ്റ്റിമേറ്റ് പ്രകാരം 2550 വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ലക്ഷ്യമിടുന്നു. പ്രളയത്തിൽ നശിച്ചുപോയവക്ക് പകരമായി പുതിയ തൈകൾ നടുകയുണ്ടായി.1785 ഓളം വേപ്പിൻ തൈകൾ, മാതളം, ആത്ത 680 പേര എന്നിവ പരിപാലിച്ചു വരുന്നു.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

5. നിത്യഹരിത ഗ്രൂപ്പിനു ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 ( IF /347517 )

മാസ്റ്റർ റോൾ പ്രകാരം മൊത്തം 15തൊഴിലാളികളാണ് വർക്കിൽ ഉൾപ്പെട്ടിരുന്നത്. മൊത്തം 2550തൈകൾ ആണ് വച്ചുപിടിപ്പിച്ചത്. എന്നാൽ കുറെയധികം തൈകൾ പ്രളയത്തിൽ നശിച്ചുപോയതായാണ് മനസിലാക്കുവാൻ സാധിച്ചത്. അതിനാൽ നഷ്ടപെട്ടവയ്ക് പകരമായി ഇപ്പോൾ വേപ്പിൻ തൈകൾ ആണ് കൂടുതലായി വച്ചിരിക്കുന്നത്. നിലവിൽ വേപ് 1940, മാതളം 280, പേര 180, ആത്ത 65 എന്നിങ്ങനെ ആകെ മൊത്തം 2465 ചെടികളാണ് ഉള്ളത്.11041, 11042,11427 എന്നീ മസ്ട്രോൾകളിൽ തൊഴിലാളികൾ തൊഴിൽ ചെയ്തതായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഇ മസ്ട്രോളുകൾ ഒന്നും തന്നെ പ്രസ്തുത ഫയലിൽ ഉണ്ടായിരുന്നില്ല.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ മറ്റൊരു വർക്കിന്റെ ബോർഡ് ആണ് ഇ വർക്ക് നടന്ന സ്ഥലത്ത് ഉണ്ടായിരുന്നത്.

6. നിത്യഹരിത ഗ്രൂപ്പിനു ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 2 ( IF /348324 )

എസ്റ്റിമേറ്റ് പ്രകാരം 2210 വൃക്ഷ തൈകൾ അനുവദിച്ചിരുന്നു എങ്കിലും 1700 തൈകൾ ആണ് പരിപാലിച്ചു തുടങ്ങിയത് . 200 ൽ അതികം തൈകൾ വെള്ളപ്പൊക്കത്തിൽ നശിച്ചു. പുതിയ തൈകൾ വെച്ചു പിടിപ്പിക്കുന്നു. നിലവിൽ 1750 തൈകൾ കാണാൻ കഴിഞ്ഞു.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ മറ്റൊരു വർക്കിന്റെ ബോർഡ് ആണ് ഇ വർക്ക് നടന്ന സ്ഥലത്ത് ഉണ്ടായിരുന്നത്.

7. സമന്വയ ഗ്രൂപ്പിനു ബ്ലോക്ക് പ്ലാൻ്റേഷൻ പാർട്ട്-1 ( IF/348854 )

എസ്റ്റിമേറ്റ് പ്രകാരം 2720 തൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിടുന്നത്. ഫീൽഡ് പരിശോധയിൽ 2810 തൈകൾ കാണാൻ കഴിഞ്ഞു. നശിച്ചുപോകുന്ന തൈകൾക്ക് പകരം പുതിയവ വച്ചുപിടിപ്പിക്കുന്നുണ്ടായിരുന്നു. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

8. സമന്വയ ഗ്രൂപ്പിനു ബ്ലോക്ക് പ്ലാൻ്റേഷൻ പാർട്ട് 2 ( IF/348856 )

എസ്റ്റിമേറ്റ് പ്രകാരം 2720 തൈകൾ ആണ് പരിപാലിക്കാൻ ലക്ഷ്യമിട്ടത് ഫീൽഡ് പരിശോധനയിൽ ആകെ 2460 തൈകൾ ആയിരുന്നു ഉണ്ടായിരുന്നത്. പ്ലോട്ടുകൾ ആയി തിരിച്ച് 170 തൈകൾ വീതം ആണ് നട്ടുവരുന്നത് എന്നാൽ വെള്ളപ്പൊക്കം മൂലം നശിച്ചുപോയതായാണ് അറിയാൻ കഴിഞ്ഞത്.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

9. സംഗമം ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 (IF/348583)

എസ്റ്റിമേറ്റ് പ്രകാരം 2380 തൈകൾ നട്ടുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ലക്ഷ്യമിടുന്നു. 13 തൊഴിലാളികൾ 170 തൈകൾ വെച്ച് നട്ടു. ആകെ 2210 തൈകൾ. നശിച്ചുപോയവക്ക് പകരമായി വേപ്പിൻതൈകളും മറ്റും നട്ടുപിടിപ്പിച്ചിട്ടുണ്ട്.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

10. സംഗമം ഗ്രൂപ്പിന്റെ ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട് 2 (IF/348584)

എസ്റ്റിമേറ്റ് പ്രകാരം 2040 വൃക്ഷ തൈകൾ ആണ് നട്ടത്. പ്രളയ ബാധിത പ്രദേശം ആയിരുന്നതിനാൽ കുറെയേറെ തൈകൾ നശിച്ചുപോയിരുന്നു. ഇതിനു പകരം വേറെ തൈകൾ വെച്ച് പിടിപ്പിച്ചിരുന്നു. ഇപ്പോൾ 2136 വൃക്ഷ തൈകൾ ഉണ്ടായിരുന്നു. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

11. പ്രതിഭ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 (IF/348325)

എസ്റ്റിമേറ്റ് പ്രകാരം 15 തൊഴിലാളികൾ 170 തൈകൾ വീതം 2040 തൈകൾ നട്ടു. പ്രളയത്തിൽ നശിച്ചുപോയവക്ക് പകരമായി തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവിടുകയും, പുതിയ തൈകൾ നടുകയുമാണ് ഉണ്ടായത്. നിലവിൽ 1910 തൈകൾ ഉണ്ട്. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

12. പ്രതിഭാ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 2 (IF/348320)

എസ്റ്റിമേറ്റ് പ്രകാരം 2550 തൈകൾ രേഖപ്പെടുത്തിയിരുന്നു. 10 തൊഴിലാളികൾ ചേർന്ന് 1700 തൈകൾ പരിപാലിച്ചിരുന്നു. വെള്ളപ്പൊക്കത്തിൽ നശിച്ച തൈകൾക്ക് പകരം പുതിയവ നട്ടു പിടിപിച്ചു. നിലവിൽ 1750 തൈകൾ ഉണ്ട്. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

13. പ്രത്യാശ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ ( IF/348581)

എസ്റ്റിമേറ്റ് പ്രകാരം 1700 തൈകൾ നട്ടുപിടിപ്പിക്കാൻ ആണ് നിർദ്ദേശിച്ചത്. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ 922 തൈകൾ മാത്രമാണ് ഉണ്ടായിരുന്നത്. ബാക്കിയുള്ളവ വെള്ളം കയറി നശിച്ചുപോയതായും തൊഴിലാളികൾ അഭിപ്രായപ്പെട്ടു. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

14. .പുനർജ്ജനി പദ്ധതിയുമായി സംയോജിപ്പിച്ച് ഇലഞ്ഞംകുളങ്ങര പ്രദേശത്തെ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ ( IF/371575 )

ആകെ 6500 പച്ചക്കറി തൈകൾ നട്ടിട്ടുണ്ട്. അറ്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ആണെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു. ഒരു വർഷത്തിന് ശേഷമുള്ള പരിശോധന ആയതിനാൽ ഏതാനം വീടുകളിൽ അതിന്റെ അവശേഷിപ്പുകൾ കാണപ്പെട്ടു.

15. പുനർജനി പദ്ധതിയുമായി സംയോജച്ച് തോപ്പിൽ പ്രദേശത്തെ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ ( IF/371576 )

എസ്റ്റിമേറ്റ് പ്രകാരം 35 തൊഴിലാളികൾ ചേർന്ന് ആകെ 260 വീടുകളിലയി 6500 തൈകൾ ആയിരുന്നു കൃഷി ചെയ്യ്തിരുന്നത്.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ 260 വീടുകളിലും പച്ചക്കറി വെയ്ക്കുകയും നല്ല രീതിയിൽ തന്നെ അദായം ലഭിച്ചു എന്നും മനസിലാക്കാൻ സാധിച്ചു.

16. താമരശ്ശേരി - തുകലൻചിറ റോഡ് മെറ്റലിംഗ് (RC/275643)

എസ്റ്റിമേറ്റ് പ്രകാരം 250 മീറ്റർ നീളവും 3 മീറ്റർ വീതിയും ഉണ്ടായിരുന്നു. ഫീൽഡ് പരിശോധനയിൽ അതേ അളവുകൾ തന്നെ കാണാൻ കഴിഞ്ഞു.റോഡ് നല്ല രീതിയിൽ യാത്രാ സൗകര്യപ്രദമായും കാണാൻ സാധിച്ചു.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

17. SNDP മഠത്തിൽവെളി റോഡ് മെറ്റലിംഗ് (RC/275592)

റോഡ് കംപ്ലീറ്റ് ചെയ്തിട്ടുണ്ട്. മെറ്റലും പൂഴിയും ഉറച്ച നിലയിൽ തന്നെ ഉണ്ട്.മെറ്റലിങ് വളരെ കുറവായിരുന്നു. യാത്രായോഗ്യമാണ്. എസ്റ്റിമേറ്റിലേതു പോലെ നീളവും വീതിയും ഉണ്ടായിരുന്നു.192 m നീളവും 3 m വീതിയും ഉണ്ട്.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞില്ല. എന്നാൽ എം ബുക്കിൽ ബോർഡിനായി 5000രൂപ വകയിരുത്തിയിട്ടുണ്ട്

18. ടോയ്ലറ്റ് നിർമ്മാണം ഷീബമോൾ, നാരായണവെളി, (IF/335784)

നിർമ്മാണം പൂർത്തിയായ നിലയിലായിരുന്നു. തൊഴിൽ കാർഡ് പരിശോധിച്ചു. പദ്ധതിതുക മുഴുവനും ലഭിച്ചു. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

19. ടോയ്ലറ്റ് നിർമ്മാണം - വിജയമ്മ നിമ്മി നിവാസ് (RS/343778)

നിർമ്മാണം പൂർത്തിയായ നിലയിൽ ആയിരുന്നു. പദ്ധതി തുക മുഴുവൻ ലഭിച്ചു. തൊഴിൽ ദിനങ്ങളും കൃത്യമായി ലഭിച്ചു. M ബുക്ക് തുക

എസ്റ്റിമേറ്റ് തുകയെക്കാൾ കൂടുതലായി രേഖപ്പെടുത്തിയിരുന്നു. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

20. ടോയ്ലറ്റ് നിർമാണം, ദർശന പുത്തൻവീട്ടിൽ (RS/335786)

എസ്റ്റിമേറ്റ് പ്രകാരം AAY ഗുണഭോക്താവിന് മെറ്റീരിയൽ ഇനത്തിൽ 8748 രൂപയും വേദന ഇനത്തിൽ 3252 രൂപയും കൂടി ആകെ 12000/ രൂപ ലഭിച്ചിട്ടുണ്ട്. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

21. ടോയ്ലറ്റ് നിർമാണം, കാഞ്ചന മണ്ണന്തറ വെളി. (RS/335735)

എസ്റ്റിമേറ്റ് പ്രകാരം AAY ഗുണഭോക്താവിന് മെറ്റീരിയൽ ഇനത്തിൽ 8748 രൂപയും വേദന ഇനത്തിൽ 3252 രൂപയും കൂടി 12000/ രൂപ ലഭിച്ചിട്ടുണ്ട്. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

22. ടോയ്ലറ്റ് നിർമ്മാണം, വാസന്തി മാക്കിയിൽ ( RS/335740 )

നിർമ്മാണം പൂർത്തിയായ നിലയിലായിരുന്നു. തൊഴിൽ കാർഡ് പരിശോധിച്ചു. പദ്ധതിതുക മുഴുവനും ലഭിച്ചു. ഫോട്ടോയും എടുക്കാൻ സാധിച്ചു. തൊഴിൽ കാർഡിൽ എല്ലാ വിവരങ്ങളും കൃത്യമായി തന്നെ രേഖപ്പെടുത്തിയിരുന്നു. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

# അവകാശനിഷേധങ്ങൾ

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിലിട സൌകര്യങ്ങളായ തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവ തൊഴിലിടങ്ങളിൽ കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവ് എടുത്ത് ഇത്തരം സൌകര്യങ്ങൾ ഉറപ്പാക്കുന്നു.

100 തൊഴിൽ ദിനങ്ങൾ ചെയ്തതിന്റെ ബോണസ് തുക ഇതുവരെയും ലഭിച്ചിട്ടില്ല. പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിക്കുന്നില്ല. തൊഴിൽ ആവശ്യപ്പെട്ട ശേഷം 15 ദിവസങ്ങൽകുള്ളിൽ തൊഴിൽ ലഭ്യമാകുകയോ, വേതനം ലഭികുകയോ ചെയുന്നില്ല. തൊഴിൽ ആവശ്യപ്പെട്ടതിനുള്ള രസീത് ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല.

## നിരീക്ഷണങ്ങളും കണ്ടെത്തലുകളും

ഫയൽ വെരിഫിക്കേഷൻ സമയത്ത് കണ്ട മസ്റ്റർ റോളുകൾ ആയിരുന്നില്ല റീവേരിഫിക്കേഷൻ നടത്തിയപ്പോൾ കാണാൻ സാധിച്ചത്. തൊഴിൽകാർഡ് പരിശോധനയിൽ പ്രസ്തുത ഫയലിൽ കാണാത്ത ചില മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു.

ജോബ് കാർഡിൽ തൊഴിലാളികൾ ജോലി ചെയ്തതും വേതനം ലഭിച്ചതുമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പാസ് ബുക്ക് കൃത്യമായി പതിപ്പിച്ചിട്ടില്ല.

ഒരു പ്രവർത്തിസ്ഥലത്ത് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല. രണ്ട് പ്രവർത്തിസ്ഥലങ്ങളിൽ ബോർഡുകൾ മാറ്റി സ്ഥാപിക്കപെട്ടതായ് കാണാൻ കഴിഞ്ഞു. മെറ്റീരിയൽ രജിസ്റ്റർ പ്രകാരം വാർഡിലെ ഒരു മേറ്റിന്റെ അക്കൌണ്ടിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിനുള്ള തുക നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ യാതൊരു പരാതിയും ഉണ്ടായിട്ടില്ല.

മൂന്നു വർഷം തുടർച്ചയായി തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസം തൊഴിൽ ലഭ്യമാകുന്ന തരത്തിൽ 3 വർഷം പരിപാലനം നൽകിയാണ് ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കൽ പ്രവർത്തികൾ നടത്തുന്നത്. വിവിധയിനം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെ വിഷരഹിതമായ ഫലങ്ങൾ വരും തലമുറയ്ക്കും ലഭ്യമാകും. ഇതിലൂടെ മണ്ണിലേക്ക് ജലം എത്തുന്നതിനും അന്തരീക്ഷത്തിലെ ഓക്സിജൻ വർദ്ധിപ്പിക്കുന്നതിനും കഴിയും. ഇതോടൊപ്പം വ്യത്യസ്തമായ പ്രവർത്തികൾ നടപ്പാക്കുന്നതിനും (തോട് ആഴം കൂട്ടൽ, ക്ഷീരകർഷകർക്ക് തീറ്റപ്പുൽ കൃഷി) ശ്രമിച്ചിട്ടുണ്ട്.

ഫലവൃക്ഷതൈകൾ നട്ടുപിടിപ്പക്കൽ പ്രവർത്തികളിൽ സ്ഥലപരിമിതിക്കും താഴ്ന്ന സ്ഥലത്തിനും അനുയോജ്യമായ തരത്തിലുള്ള വൃക്ഷങ്ങൾ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കുറച്ച് സ്ഥലത്ത് കൂടുതൽ വൃക്ഷതൈകൾ നട്ടുപരിപാലിച്ചിരിക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞു. ഇത് ചെടികളുടെ ശരിയായ വളർച്ചക്ക് തടസ്സം നിൽക്കുന്നു. പ്രസ്തുത പ്രവർത്തിയിൽ ശരിയായ വളപ്രയോഗം നടത്താൻ കഴഞ്ഞിട്ടില്ല. തൊഴിലാളികൾ സ്വന്തം കൈയ്യിൽ നിന്നും പണം പിരിച്ച് ചെടികൾക്ക് വളം നൽകേണ്ട അവസ്ഥയാണുള്ളത്. കൊടും വരൾച്ചയിലും മസ്റ്ററോൾ ഇല്ലാത്ത സമയങ്ങളിലും വറ്റി വരണ്ട കുളങ്ങൾ വെട്ടി നട്ടു വളർത്തിയ ഫലവൃക്ഷതൈകൾ വിഷരഹിതമായ ഫലങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

# ഗ്രാമസഭ മിനുട്സ്.

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് വാർഡ് 9(ഇലഞ്ഞാം കുളങ്ങര )സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 4/11/2019, തിങ്കളാഴ്ച 10.00 മുതൽ പരിവർത്തനപ്രതിഭ ഗ്രന്ഥശാലയിൽ ചേർന്നു.

ഗ്രാമ സഭയക്ക് തൊഴിലാളിയായ ശ്രീമതി ദീപ അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച യോഗത്തിന് വാർഡ് മെമ്പർ സുനിമോൾ സ്വാഗതം ആശംസിച്ചു., പഞ്ചായത്ത് പ്രസിഡന്റ് , NREGA accredited എഞ്ചിനീയർ , ഓവർ സീയർ, വാർഡ് മെമ്പർ, വാർഡ് വികസന സമിതി അംഗങ്ങൾ, CDS മെമ്പർമാർ, VMC അംഗങ്ങൾ, മേറ്റുമാർ, 149 തൊഴിലാളികൾ എന്നിവർ പങ്കെടുത്തു.

1/10/2018 മുതൽ 31/3/2019 വരെ പൂർത്തീകരിച്ച 22 പ്രവർത്തികൾ ആണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയത്. തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട 10 അവകാശങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികളുടെ ഫയൽ , ഫീൽഡ് പരിശോനയിലെ കണ്ടെത്തലുകളും റിസോഴ്സ്പേഴ്സൺ അവതരിപ്പിച്ചു.

കരട് ഓഡിറ്റ് റിപ്പോർട്ടിൽ വാർഡ് 9 ൽ തൊഴിലിന് അപേക്ഷിച്ചതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും തൊഴിലാളികളുടെ 10 അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ലെന്നും, തൊഴിലിട സൗകര്യങ്ങൾ ലഭിക്കുന്നില്ല, വൃക്ഷതൈ നടീൽ പ്രവർത്തികളിൽ ഭു ഉടമയുമായി കരാർ വയ്ക്കുകയും ഏതു വസ്തുവിൽ ഏതൊക്കെ ചെടികൾ നട്ടുപിടിപ്പിക്കുന്നുവെന്നുള്ള കാര്യങ്ങൾ ഫയലിൽ സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചു. തുടർന്ന് ഫയലിലും ഫീൽഡിലുമായി കണ്ടെത്തിയ കാര്യങ്ങൾ ഗ്രാമസഭ വിശദമായി ചർച്ച ചെയ്തു.

VRP മാരായ മനീഷ രാജ് P.B., അശ്വതി ദാസ്, കൃഷ്ണേന്ദു, വിവേക് എന്നിവർ ചേർന്ന് ഗ്രാമസഭ റിപ്പോർട്ട് അവതരിപ്പിച്ചു. ശേഷം തൊഴിലാളികൾ അവരുടെ അഭിപ്രായങ്ങളും, പരാതികളും, ആശങ്കകളും, ആവശ്യങ്ങളും പങ്കുവെച്ചു.

**തൊഴിലാളികളുടെ പ്രസക്തമായ അഭിപ്രായങ്ങൾ**

1.ബിന്ദു

* പ്രദേശങ്ങളിൽ കാടുപിടിച് ഇഴജന്തുക്കളുടെ ശല്യം വർധിച്ചു. അതിനാൽ കാടുവെട്ടിത്തെളിക്കുന്ന പണികൾ ഉൾപ്പെടുത്തണം.

* നനയ്ക്കാനുള്ള സംവിധാനം നൽകണം

2.പ്രേമലത

സൈറ്റിൽ സാമൂഹ്യ വിരുദ്ധരുടെ ശല്യം ഉണ്ട്. രാത്രിയിൽ വേസ്റ്റ് കൊണ്ടിടുന്നത് പതിവാകുന്നു.

3.രാധ ശ്രീധരൻ

ഓണത്തിന് മുൻപുള്ള കൂലി ഇതുവരെ ലഭിച്ചില്ല.

വേലികെട്ട്,തോടുവെട്ട്, കുളം വെട്ട്, പറമ്പിൽ പണി എന്നീ തൊഴിലുകൾ ആവശ്യപ്പെട്ടു.

150 തൊഴിൽ ദിനങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ടു.

4.ഡെയ്സി

വളത്തിന്റെ പണം ഇതുവരെ ലഭിച്ചിട്ടില്ല

**ചർച്ചക്കുള്ള മറുപടി**

ഓവർസീർ- NREGA

1.secure എസ്റ്റിമേറ്റ് ഇംഗ്ലീഷ് ഇൽ ആണ് വരുന്നത്. അതിനെ കുറിച്ച് മേറ്റ്മാർക്ക് കൃത്യമായി പറഞ്ഞു മനസിലാക്കാറുണ്ട്. അതിനാലാണ് ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് സൂക്ഷിക്കാത്തത്.

2.FTO & WAGELIST ന്റെ കുറവ് വന്നത് പ്രിന്റർ കംപ്ലയിന്റ് ആയതിനാൽ ആണ്. ഇനി ആവർത്തിക്കാതെ നോക്കുന്നുതയിരിക്കും. ഫണ്ട് കൃത്യമായി തൊഴിലാളികളുടെ അക്കൗണ്ട് ലേക്ക് പോയിട്ടുണ്ട്.

3.പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രത്തിൽ വിവരങ്ങൾ പൂർണമായി ചേർക്കാൻ കഴിയാത്തത് ധാരാളം വർക്കുകൾ ഉള്ളതിനാൽ ആണ്. ഇനി പരിഹരിക്കും.

4.നിത്യ ഹരിത എന്ന പേരിൽ 2 ബ്ലോക്ക് പ്ലാൻറ്റേഷൻ ഉള്ളതിനാൽ ആണ് ബോർഡുകൾ തമ്മിൽ തിരിഞ്ഞ് പോയത്. അത് മാറ്റി സ്ഥാപിക്കാൻ വേണ്ട നടപടികൾ ചെയ്യും.

5.ഒരു ചെടിക്ക് കൃത്യമായി വളർച്ച ഉറപ്പാക്കിയാൽ മാത്രമേ വീണ്ടും വളത്തിന്റെ പണം നൽകാൻ സാധിക്കൂ.

6.AMC പ്രകാരം സ്വകാര്യ വ്യക്തികളുടെ കുളങ്ങൾ വെട്ടാൻ സാധിക്കില്ല.

7.പല ഫയലിലും സൈറ്റ് ഡയറി ഇല്ലാത്തത് തൊഴിലാളികൾ കൃത്യമായി പഞ്ചായത്തിൽ എത്തിക്കാത്തതിനാൽ ആണ്.

8.പണി ആയുധങ്ങളുടെ വാടക ബ്ലോക്കിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറക്ക് നൽകുന്നതാണ്.

## തീരുമാനങ്ങൾ

- സാമൂഹ്യ വിരുദ്ധരുടെ ശല്യം കുറയ്ക്കുന്നതിനായി രാത്രിയിൽ പോലീസ് പെട്രോളിംഗ് ശക്തമാക്കും എന്ന് തീരുമാനിച്ചു.

- പുനർജനി പദ്ധതി ജനങ്ങൾ സ്വീകരിച്ചത് കാരണം വീണ്ടും പുനർജനി പദ്ധതി നൽകുമെന്ന് തീരുമാനമായി.